Deshabhimani 22-11-18, P-13

# തെങ്ങിലെ വെള്ളീച്ചശല്യം തടയാൻ



എം കെ പി

ആരോഗ്യപച്ച എന്ന ചെടിയുടെ വംശവർദ്ധനവ് നടത്തുന്നത് വിത്ത് ഉപയോഗിച്ചാണോ. അല്ലെങ്കിൽ ശാഖകൾ ഉപയോഗിച്ചാണോ. നട്ട് പരിപാലിക്കുന്നത് എങ്ങിനെയാണ് ?. കെ .രാജേഷ്.ആതിരപ്പള്ളി.

ആരോഗ്യപച്ചയുടെ കായ്കൾ മുളച്ചുണ്ടായ തൈകളോ ,ചുവട്ടിൽ നിന്നും മുളച്ചു വരുന്ന ചിനാപ്പുകളോ ആണ് നടീൽ വസ്തു. 3 മാസം മുതൽ 6 മാസം വ രെ പ്രായമായ തൈകൾ നടുന്നതിനുപയോഗിക്കാം. നല്ല ജൈവാംശം ഉള്ളതും, ഭാഗികമായി മാത്രം സൂര്യപ്രകാശം ലഭിക്കുന്നതുമായ വനപ്രദേശങ്ങളിലാണ് ഇവ വളരുന്നത്. വീട്ടുവളപ്പിൽ ഇത്തരമൊരു സാഹചര്യമുള്ളയിടങ്ങളിൽ വേണം ആ രോഗ്യപച്ച വളർത്തേണ്ടത്. വേനൽക്കാലങ്ങളിൽ നനസ്സുണം. ചെടി വളർന്നു ക ഴിഞ്ഞാൽ ഇലകൾ ശേഖരിച്ചു തുടങ്ങാം. ഒരു ചെടിയിൽ നിന്നും 20 ദിവസത്തിലൊരിക്കൽ വീതം അടിയിലെ രണ്ടിലകൾ വീതം ശേഖരിക്കാം. ശേഖരിച്ച ഇലകൾ അപ്പോൾ തന്നെ ഔഷധാവശ്യങ്ങൾക്കുപയോഗിക്കാം.

തെങ്ങ് കൃഷിയിൽ ഒരുതരം പ്രാണിയുടെ ശല്യം രൂക്ഷമാണ്. തെങ്ങോലയുടെ പുറത്ത് കറുത്ത നിറം കാണുന്നു. വെളുത്ത നിറത്തിലുള്ള പ്രാണികളെ കാണുന്നു. പ്രതിവിധിയെന്താണ്. ?

വി.കെ. അബ്ദുൾ ഖാദർ, മഞ്ചേരി.

ഈ വെള്ളിച്ചകളെ നശിപ്പിക്കുന്ന പരാദപ്രാണികൾ പ്രകൃതിയിൽ ത ന്നെയുണ്ട്. "എൻകാർസിയ" എന്ന പേരിലറിയപ്പെടുന്ന ഈ പരാദം വെള്ളീച്ചകളെ നല്ല രീതിയിൽ നിയന്ത്രിക്കുന്നതായി നിരീക്ഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ആവണക്കെണ്ണ പുരട്ടിയ മഞ്ഞ കാർഡുകൾ തെങ്ങിനടുത്തായി തോട്ടത്തിൽ തൂക്കിയിടുന്നതും പറന്നു നടക്കുന്ന വെള്ളീച്ചകളെ ആകർഷിച്ചു നശിപ്പിക്കുവാൻ സാധിക്കും.